കിളിമാനൂർ നിയോജക മണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽപ്പെട്ട എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം പുളിമാത്ത് പഞ്ചായത്തിൽ 77,362 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 306 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

പള്ളിക്കൽ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1694 [2546] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽപ്പെട്ട എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1988 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം പള്ളിക്കൽ പഞ്ചായത്തിൽ 33400 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനും പുറമേ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 249 കുടുംബങ്ങൾക്ക് തൊഴിൽദാനം ചെയ്തിട്ടുണ്ട്.

ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1695 [2547] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പഴയകുന്നിൻമേൽ പഞ്ചായത്തിൽ എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതി പ്രകാരം തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങളും മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതിപ്രകാരം പഴയകുന്നിൽമേൽ പഞ്ചായത്തിൽ 1,01,120 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിനും പുറമേ ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം 339 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

മുദാക്കൽ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1696 [2548] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ മുദാക്കൽ പഞ്ചായത്തിൽ എത്ര പേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് ജോലി ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി മനുഷ്യപ്രയത്ന ദിനങ്ങളും സൃഷ്ടിച്ചതിന്റെ വിശദാംശങ്ങളും മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതിപ്രകാരം, മുദാക്കൽ പഞ്ചായത്തിൽ 30520 മനുഷ്യ പ്രയത്ന ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിനും പുറമേ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 423 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

മടവൂർ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1697 [2549] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ മടവൂർ പഞ്ചായത്തിൽപ്പെട്ട എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചതിന്റെ വിശദാംശങ്ങളും മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതിപ്രകാരം മടവൂർ പഞ്ചായത്തിൽ 46468 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 212 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly